III. ശ്രദ്ധ ക്ഷണിക്കൽ

ചുങ്കത്തറ പഞ്ചായത്തിലെ ഭൂദാന കോളനിയിൽ കൃഷി ചെയ്തു വരുന്ന കർഷകർ അനുഭവിച്ചു വരുന്ന ബുദ്ധിമുട്ട്:

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, നിലമ്പൂർ കോവിലകം തമ്പുരാക്കൻമാരുടെ ഭൂമി 1953-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു നിലമ്പൂർ സന്ദർശിച്ച അവസരത്തിൽ 1000 ഏക്കർ വനഭൂമി സർവ്വോദയ സംഘത്തിന്റെ പേരിൽ ദാനം ചെയ്യുകയുണ്ടായി. 1953-ൽ നെഹ്റുതന്നെ ഇതിൽ ഒരു ഗിരിവർഗ്ഗക്കാരന് രണ്ടേക്കർ സ്ഥലം ദാനം ചെയ്തുകൊണ്ട് അതിന്റെ ഉൽഘാടനകർമ്മം നിർവ്വഹിക്കുകയുണ്ടായി. അങ്ങനെ വർഷങ്ങളായി ആ ഭൂമിക്കകത്ത് ഗിരിജനങ്ങളും ഹരിജനങ്ങളും ബാക്കിയുള്ള സമുദായത്തിൽപെട്ട ആളുകളും കൂടിയുള്ള ഒരു കോസ്മോ പോളിറ്റൻ കോളനിയായി അവിടെ പ്രവർത്തിച്ചു വരികയാണ്. ആ കോളനിയിലുള്ള നിവാസികളെ സംബന്ധിച്ചിടത്തോളം സർവ്വോദയ മണ്ഡലത്തിൽനിന്നോ ഗവൺമെൻറിൽനിന്നോ വലിയ ആനുകൂല്യങ്ങളൊന്നുംതന്നെ ലഭിക്കുന്നില്ല. 1000-ത്തോളം ഏക്കർ ഭൂമിയിൽനിന്നും മരം മുറിച്ചതിന്റെ ഫലമായി സർവ്വോദയമണ്ഡലം വലിയ ഒരു തുക ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ ഈ പണം കൃഷിക്കാരന്റെ ഉപയോഗത്തിനുവേണ്ടി ചെലവഴിച്ചിട്ടില്ലെന്നുള്ളതാണ് വസ്തുത. ഏതായാലും അങ്ങനെ വർഷങ്ങളും നീണ്ടുപോയി. ആ ഭൂമി ഇപ്പോഴും വനഭൂമിയായിത്തന്നെ കിടക്കുകയാണ്. ആ കൃഷിക്കാർ ഇപ്പോഴും പ്രയാസങ്ങളും അനുഭവിച്ചുകൊണ്ട് അവിടെ ജീവിക്കുകയാണ്. ഇന്ന് അവർ പട്ടയത്തിനുവേണ്ടി ലാൻറ് ബോർഡിൽ അപേക്ഷ അയക്കുകയുണ്ടായി. പക്ഷേ ലാൻറ് ബോർഡ് അവരുടെ അപേക്ഷകളും തള്ളിക്കളഞ്ഞിരിക്കുകയാണ്. കെ. എൽ. ആർ. ആക്റ്റിന്റെ പരിധിയിൽ വരികയില്ലെന്നു പറഞ്ഞുകൊണ്ടാണ് തള്ളിയിരിക്കുന്നത്. ഇത് സർവ്വോദയ മണ്ഡലത്തിന്റെ ഭൂമിയാണെന്നു പറഞ്ഞുകൊണ്ടാണ് ഈ പട്ടയത്തിനുള്ള അപേക്ഷകളും അവർ തള്ളിക്കളഞ്ഞിരിക്കുന്നത്. ഇവർ വളരെയധികം പട്ടിണിയും പ്രയാസവും അനുഭവിക്കുന്ന കൃഷിക്കാരാണ്. അവരെ സംബന്ധിച്ചിടത്തോളം നാഷണലൈസ്ഡ് ബാങ്കിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നുംകടം വാങ്ങിക്കാൻ കഴിയുന്ന സാഹചര്യവും ഇല്ല. ഇതിനു ചുറ്റുമുള്ള സ്ഥലങ്ങളിൽ തെങ്ങുകൃഷിക്കും മറ്റും ലോൺ ഗവൺമെൻറ് നൽകുന്നുണ്ട്. അവിടെനിന്നും ഒരു പൈസപോലും വാങ്ങിച്ച് കൃഷി ചെയ്യാനുള്ള യാതൊരു സാഹചര്യവും അവർക്കില്ല. അതിനുള്ള പ്രധാനമായ കാരണം പട്ടയം ഇവർക്കു കിട്ടിയിട്ടില്ലെന്നുള്ളതുതന്നെയാണ്. അതുകൊണ്ട് അവർക്ക് പട്ടയം കിട്ടാനുള്ള നടപടികളും ഗവൺമെൻറ് കൈക്കൊള്ളണം.

മറ്റൊരു കാര്യം പറയാനുള്ളത് സർവ്വോദയമണ്ഡലക്കാർ ഈ ഭൂമിയിൽ സോയിൽ കൺസർവ്വേഷനുവേണ്ടി ഭീമമായ തുക ഗവൺമെൻറിൽനിന്നും കടം എടുത്തിരിക്കുന്നതു സംബന്ധിച്ചാണ്. ആ തുക കടമെടുത്തിട്ടും അതിന്റെ പകുതി പോയിട്ട് 25 ശതമാനംപോലും അവിടെ ചെലവഴിച്ചിട്ടില്ലെന്നുള്ളതാണ് സത്യം. ഒരു പൈസപോലും ഈ കൃഷിക്കാർക്കുവേണ്ടി ചെലവഴിക്കാതിരിക്കുന്ന ഈ സാഹചര്യത്തിൽ ആ കടത്തിന്റെ പേരിൽ കൃഷിക്കാരിൽനിന്നും റവന്യൂ റെക്കവറി നടപടികളും നടത്തി ആ പണം ഈടാക്കാനുള്ള നടപടികളുംകൂടി അവിടത്തെ ഉദ്യോഗസ്ഥൻമാർ ആരംഭിച്ചിരിക്കുകയാണെന്നുള്ള കാര്യംകൂടി ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ഒരു ഭാഗത്ത് റവന്യൂ റെക്കവറി നടപടികളും തുടരുന്നു, മറുഭാഗത്ത് ആ കൃഷിക്കാരന് പട്ടയം കിട്ടുന്നില്ലെന്നു മാത്രമല്ല അവിടെ വിളവിറക്കാൻ സൗകര്യമില്ലാത്ത സാഹചര്യവും ഉണ്ട്. അതു കൊണ്ട് ഈ കൃഷിക്കാർക്ക് നേരിട്ട് പട്ടയം നൽകാനുള്ള ഏർപ്പാടുകളും ചെയ്യണമെന്ന് ഗവൺമെന്റിന്റെ മുമ്പാകെ ഈ കൃഷിക്കാർ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. അതേ സമയം സർവ്വോദയ മണ്ഡലക്കാർ അവർക്കു ഈ ഭൂമിക്ക് കൂട്ടു പട്ടയം കിട്ടണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ജൻമിത്തം 1970-ൽ അവസാനിച്ചു എങ്കിലും നിലമ്പൂർ കോവിലകം വക 1000 ഏക്കർ ഭൂമിയിൽ താമസിക്കുന്ന 100 കണക്കിന് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം സർവ്വോദയ സംഘക്കാർ ഇന്നും അവരുടെ ജൻമിമാരായി വാഴുകയാണെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. എല്ലാ കാര്യങ്ങളിലും പഴയ ജൻമിമാരുടേതിനേക്കാളും വലിയ ചൂഷണവും മർദ്ദനവുമാണ് ഈ സർവ്വോദയ മണ്ഡലക്കാർ അവിടെ നടത്തുന്നതെന്നുള്ള കാര്യം ശ്രദ്ധയിൽ പെടുത്തുകയാണ്. അതുകൊണ്ട് കൃഷിക്കാർക്ക് പട്ടയം കിട്ടാനുള്ള നടപടികളും സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ): സർ, മലപ്പുറത്ത് ചുങ്കത്തറ കോളനിയെന്നറിയപ്പെടുന്ന കോളനിയിൽ 1000-ത്തോളം ഏക്കർ ഭൂമി ഉണ്ട്. ഇത് തിരുവിതാംകൂർ ഗവൺമെന്റിന്റെ കാലത്ത് നിലമ്പൂർ കോവിലകം വക ഭൂമിയായിരുന്നത് സർവ്വോദയമണ്ഡലത്തിന് 1958-ൽ കൊടുത്തതാണ്. നമ്മുടെ സംസ്ഥാനത്ത് ആദ്യം തന്നെ ഭൂദാനമൂവ്മെന്റ് ബലഹീനമായിരുന്നു. ഈ ഒരു ഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് കുറെ ആളുകളും ഭൂമി കൊടുക്കാമെന്ന് പ്രോമിസ് ചെയ്തു. പിൽക്കാലത്ത് ചിലർ ആ പ്രോമിസിൽനിന്നും പിൻമാറിയിട്ടും ഉണ്ട്. ചിലർ അവകാശമില്ലാത്ത ഭൂമി കൊടുത്തതായി പറയപ്പെടുന്നുണ്ട്. അങ്ങനെ പല കുഴപ്പങ്ങളും ഭൂദാന മൂവ്മെന്റിന്റെ പേരിൽ ഭൂമി കൊടുത്തതിൽ ഉണ്ടായിട്ടുണ്ട്. ഇവിടെ അതല്ല. ഇവിടെ 1000-ത്തോളം ഏക്കർ ഭൂമി കൈവശമുണ്ട്. ഈ ഭൂമി ഭൂദാന നിയമമനുസരിച്ച് ഭൂമി അസൈൻചെയ്തു കൊടുക്കുന്നതിനുവേണ്ടി ലാൻറു അസൈൻമെൻറ് റൂൾസിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

സർ, റൂൾ അനുസരിച്ച് ഈ സർവ്വോദയ ഭൂദാനക്കമ്മിറ്റി വേണം ആളുകളെ സെലക്ട് ചെയ്യാൻ. സെലക്ട് ചെയ്തതിനുശേഷം ലിസ്റ്റ് അയച്ചു കൊടുക്കണം. എന്നാൽ മാത്രമേ ആ ഭൂമി തഹശീൽദാർമാർക്ക് പതിച്ചുകൊടുക്കുവാൻ സാധിക്കൂ. ലിസ്റ്റ് അയക്കുന്നതിനുമുമ്പ് relinquish ചെയ്യേണ്ടതുണ്ട്. അർഹത ഉള്ളവർക്കാണോ കൊടുത്തത് അതല്ല അതിൽ വേറെ വല്ല ലയബിലിറ്റീസും ഉണ്ടോ എന്നു പരിശോധന വേണം. ഇതാണ് ഇതിന്റെ നടപടി ക്രമം. നിർഭാഗ്യവശാൽ ഇവിടെ ലിസ്റ്റ് ഒന്നും തയ്യാറാക്കിയില്ല. കുറേ ആളുകളെ നേരത്തെ താമസമായി. സർവ്വോദയക്കാരുടെ അനുവാദത്തോടുകൂടിയും അംഗീകാരത്തോടു കൂടിയും ആയിരിക്കണം താമസമാക്കിയിട്ടുള്ളത്. അവരുടെ എലിജിബിലിറ്റി ലിസ്റ്റ് തയ്യാറാക്കി തഹശീൽദാർമാർക്ക് അയച്ചു കൊടുത്തിട്ടില്ല. എന്നാൽ മറിച്ച് അവിടെ ഒരു സഹകരണ സംഘം ഉണ്ടാക്കിയിട്ടുണ്ട്. ആ സഹകരണ സംഘം കുറച്ചു വായ്പ ഗവൺമെന്റിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഷെയർ ക്യാപ്പിറ്റലായി എടുത്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ ആ സഹകരണ

LIBRARY ARCHIVES Kerala Legislative Assembly

സംഘവും പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഗവൺമെൻറ് കൊടുത്തിട്ടുള്ള പണം ഈടാക്കേണ്ടതായി വരും. അത് ഈടാക്കുന്നതിനു നടപടിക്രമം ഉണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളിൽ കൊടുക്കുന്ന അവസരത്തിൽ സ്വാഭാവികമായും ഈടാക്കുവാനുള്ള നടപടി ക്രമം സ്വീകരിക്കും. ആ വസ്തുത വിസ്മരിക്കുന്നില്ല. ലാൻറ് റവന്യൂ ആക്ടറ് അനുസരിച്ചാണ് ഇതിൻമേൽ നടപടി സ്വീകരിക്കേണ്ടത്. ഗവൺമെൻറ് ഇതു സംബന്ധിച്ച് വിശദമായ അന്വേഷണങ്ങളും പഠനങ്ങളും നടത്തണം. ഡിസ്ട്രിക്ടറ് കളക്ടറർ defunct society-യുടെ സ്ഥാനത്ത് മറെറാരു സൊസൈറെറി ഉണ്ടാക്കുന്നത് നന്നായിരിക്കും എന്നു പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി, ഈ സൊസൈറെറിയെ സസ്പെൻറ് ചെയ്തിട്ട് പകരം ഇൻഡിവിജ്വൽ സൊസൈറെറി ആക്കണം എന്ന്. അങ്ങനെ ഇൻഡിവിജ്വലായി പതിച്ചു കൊടുത്താൽ ബുദ്ധിമുട്ട് ഉണ്ട്. അവിടെനിന്നും മരങ്ങളും മറും വെട്ടി മുറിച്ചിട്ടുണ്ട്. അതിൻെറ വിശദാംശങ്ങളിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഇപ്പോൾ എനിക്ക് സർവ്വോദയ മണ്ഡലം കമ്മിറെറിയോട് അഭ്യർത്ഥിക്കുവാനുള്ളത് സമഗ്രമായ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിക്കൊണ്ടിരിക്കുമ്പോൾ പ്രത്യക്ഷത്തിൽ കുടിയാൻ-ജൻമിബന്ധം ഇല്ലെങ്കിലും പരോക്ഷമായി ബന്ധമുണ്ടെന്നു തോന്നിപ്പിക്കത്തക്ക രീതിയിൽ യാതൊരു വ്യവസ്ഥയുമില്ലാതെ ഭൂമി കൈവശം വച്ചു കൊണ്ടിരിക്കുന്നത് തെറെറാണ്, ഇത് പാവപ്പെട്ടവർക്ക് പതിച്ചുകൊടുക്കേണ്ടതാണ് എന്നാണ്. സങ്കീർണ്ണമായ ഒരു പ്രശ്നമാണിത്. നിയമത്തിൽ ഭേദഗതി വരുത്തണമെങ്കിലും വളരെ കാലതാമസം ഉണ്ടാകും. എന്തായാലും കർഷകർ വർഷങ്ങളായി താമസിച്ചുകൊണ്ടിരിക്കുന്ന ഭൂമി പതിച്ചു കൊടുക്കുവാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുന്നതായിരിക്കും.

IV. നിയമനിർമ്മാണകാര്യം

(1) റിപ്പോർട്ട് സമർപ്പിക്കൽ

1977-ലെ കേരളാ പബ്ലിക്ക് ലൈബ്രറീസ് ബില്ലിനെപ്പററിയുള്ള സെലക്ടറ് കമ്മിറെറി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 1979 മാർച്ച് 12-ാം തീയതി വരെ ദീർഘിപ്പിക്കൽ.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

1977-ലെ കേരള പബ്ലിക്ക് ലൈബ്രറീസ് ബില്ലിനെപ്പററിയുള്ള സെലക്ടറ് കമ്മിറെറി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 1979 മാർച്ച് 12-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Mr. Deputy Speaker: The motion is adopted and the leave is granted.

Minister for Education (**Shri C. H. Mohammed Koya**): Sir, I present the report of the Select Committee on the Kerala Public Libraries Bill 1977.

Mr. Deputy Speaker: The report is presented.

LIBRARY ARCHIVES Kerala Legislative Assembly